KSFESA CITU

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 181/71, Kottappuram Road, Thrissur -4**
**(Affiliated to C.I.T.U.R. No. K. 1128)**
**E-mail:ksfeacitu@yahoo.co.in) Web : www.ksfesa.com**

***President***
**A. K. Balan MLA**
**Mob : 9846361111**

***General Secretary***
**S. Muraleekrishnapillai**
**Mob : 9446538432**

**സർക്കുലർ 18/2016**

സഖാക്കളെ,

നമ്മുടെ സംഘടനയുടെ സംസ്ഥാന കമ്മിറ്റി അംഗങ്ങളുടെ യോഗം 30.03.2016 (ബുധനാഴ്ച) രാവിലെ 11 ന് സി.ഐ.ടി. യു. കോട്ടയം ജില്ലാ കമ്മിറ്റി ഓഫീസിൽ വെച്ച് ചേർന്നു. സംസ്ഥാന വൈസ് പ്രസിഡന്റ് സ. ടി.സി. രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു.

കൊല്ലം പരവൂർ ശാഖയിലെ അസിസ്റ്റന്റായിരുന്ന സ. ചന്ദ്രബോസ്, സ്വാതന്ത്ര്യ സമര സേനാനിയും കമ്മ്യൂണിസ്റ്റ് നേതാവുമായിരുന്ന സ. പയ്യപ്പിള്ളി ബാലൻ, അടിസ്ഥാന വർഗ്ഗത്തിന്റെ വേദനകളും നൊമ്പരങ്ങളും നാടൻപാട്ടിലൂടെ ആവിഷ്ക്കരിച്ച മലയാള സിനിമയുടെ ലാളിത്യം ശ്രീ. കലാഭവൻമണി എന്നിവരുടെ വിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

**തീരുമാനങ്ങൾ**

**1. ഏപ്രിൽ 5 ന്റെ സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും വിജയിപ്പിക്കുവാൻ തീരുമാനിച്ചു.**

ശമ്പള പരിഷ്ക്കരണ കരാറിന് സർക്കാർ അംഗീകാരം നൽകുക, 2014-15 ലെ ബോണസ് പുതുക്കി നിശ്ചയിച്ച് വിതരണം ചെയ്യുക, കെ.എസ്.എഫ്.ഇ. യിൽ നടമാടുന്ന അഴിമതിയും, ധൂർത്തും സ്വതന്ത്ര ഏജൻസിയുടെ അന്വേഷണത്തിന് വിധേയമാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 5.4.16 ന് SAOU സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന സെക്രട്ടറിയേറ്റ് മാർച്ച് വിജയിപ്പിക്കുവാൻ തീരുമാനിച്ചു.

**2. CASBA**

കാസ്ബായെ കുറിച്ച് ജില്ലാകമ്മിറ്റികളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരാതികളും സ. എം. പി. നജീബിന് രേഖാമൂലം നൽകേണ്ടതാണ്.

**3. പി.എഫ്. പെൻഷൻ : ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്**

ഇ.പി.എസ്. 95 ലെ തൊഴിലുടമ വിഹിതം വർദ്ധിപ്പിച്ചുകൊണ്ട്, പെൻഷൻ തുക ഉയർത്തുന്നതിനായി കെ.എസ്.എഫ്.ഇ. ജീവനക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നുവല്ലോ ? കക്ഷി ചേർന്നവരുടെ പേരുവിവരം നമ്മുടെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. സംശയങ്ങളും പരാതികളും ഉള്ള അംഗങ്ങൾ ജില്ലാ സെക്രട്ടറിമാർ മുഖേന സംസ്ഥാനകമ്മിറ്റിയംഗവും എറണാകുളം ജില്ലാ സെക്രട്ടറിയുമായ സ. മനോജ് എ.വി. യുമായി ആശയവിനിമയം നടത്തേണ്ടതാണ്.

**4. ഉദ്ഘാടന പ്രഹസനങ്ങൾ : സ്ഥാപനത്തിന്റെ അന്തസ്സും ജീവനക്കാരുടെ അഭിമാനവും തകർക്കുന്നു.**

സ്ഥാപനത്തിന്റെ വിവിധ ഉദ്ഘാടന ചടങ്ങുകൾ പ്രഹസനവും അപമാനകരവുമാകുകയാണ്. ഈ കളക്ഷൻ പദ്ധതിയുടെ ഉദ്ഘാടന ചടങ്ങ് ജീവനക്കാരുടെ അറിവിലേയ്ക്ക് ഞങ്ങൾ പങ്കുവയ്ക്കുകയാണ്.

സ്ഥാപനത്തിന്റെ ഇ-കളക്ഷൻ പദ്ധതി ഉദ്ഘാടനം ചെയ്യുന്നതിന് ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, ഉന്നത ഉദ്യോഗസ്ഥരും പരിവാരങ്ങളും മുഖ്യമന്ത്രിയെ തേടി പുറപ്പെടുന്നു. കാറിൽ നിലവിളക്ക്, ബാനർ, ലാപ്ടോപ്പ് മറ്റ് സാധനങ്ങൾ പോകുന്ന വഴിയിൽ മുഖ്യമന്ത്രിയെ എവിടെ വെച്ച് കാണുന്നുവോ അവിടെ വെച്ച് ഉദ്ഘാടനം ! ഇതാണ് തീരുമാനം. മുഖ്യമന്ത്രി പാലായിൽ വരുമെന്ന് അറിയിപ്പ് കിട്ടി. അങ്ങോട്ടേയ്ക്ക് കാറുകൾ പാഞ്ഞു. അവിടെ എത്തിയപ്പോൾ

പുതിയ അറിയിപ്പ് കിട്ടി. മുഖ്യമന്ത്രി പാലായിൽ വരില്ല.

രാമപുരം മാർ അഗസ്തിനോസ് കോളേജിന്റെ ആഘോഷ പരിപാടിയിൽ മുഖ്യമന്ത്രിയെത്തുന്നുവെന്ന പുതിയ അറിയിപ്പ്. കാറുകൾ രാമപുരത്തേയ്ക്ക് പാഞ്ഞു. അവിടെ എത്തിയപ്പോഴാണ് മുഖ്യമന്ത്രി മൂന്ന് മണിക്കൂർ വൈകുമെന്നറിയുന്നത്. ഇതിനിടയിൽ കോളേജിലെ ആഘോഷചടങ്ങിന്റെ വേദിയുടെ മൂലയിൽ നമ്മുടെ ബാനർ കെട്ടാനൊരു ശ്രമം നടത്തിയെങ്കിലും ചടങ്ങിന്റെ സംഘാടകർ കണ്ണുരുട്ടി പിന്തിരിപ്പിച്ചു. അതിനാൽ ബാനറുമായി രണ്ടുദ്യോഗസ്ഥർ വേദിക്ക് പിന്നിൽ മറഞ്ഞുനിന്നു. വൈകിവന്ന മുഖ്യമന്ത്രി കോളേജിന്റെ ചടങ്ങിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചതിനുശേഷം തിരികെ സീറ്റിലേയ്ക്ക് വരുന്ന ഇടവേളയിൽ വേദിക്ക് പിന്നിൽ നിന്ന ജീവനക്കാർ ബാനറുമായി മുന്നോട്ട് വന്നു. ലാപ്ടോപ്പും ബാനറുമായി എംഡിയും മറ്റ് ഉന്നത ഉദ്യോഗസ്ഥരും വേദിയിലേയ്ക്ക് ചാടിക്കയറി. ലാപ്ടോപ്പിന്റെ കീബോർഡ് പ്രസ്സ് ചെയ്തുകൊണ്ട് മുഖ്യമന്ത്രി ഇ-കളക്ഷൻ ഉദ്ഘാടനം ചെയ്തു. പിറ്റേന്ന് പത്രത്തിൽ ഉദ്ഘാടന ചിത്രം വന്നപ്പോൾ, കെ.എസ്.എഫ്.ഇ. യുടെ ബാനറിനേക്കാൾ ശ്രദ്ധിക്കപ്പെട്ടത് കോളേജിന്റെ ബാനറാണ്. ലജ്ജാകരം എന്നല്ലാതെ എന്തുപറയാൻ.

കെ.എസ്.എഫ്.ഇ.യുടെ ആദ്യ വനിതാ ശാഖയുടെ ഉദ്ഘാടനം കെ.എസ്.എഫ്.ഇ.യുടെ വനിതാ ജീവനക്കാർ പോലും അറിയാതെ ഫെബ്രുവരി മാസത്തിൽ തിടുക്കത്തിൽ നടത്തി. ഉദ്ഘാടന വേദിയിൽ നിറയെ പുരുഷ കേസരികളായിരുന്നു.

അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8 ന് കെ.എസ്.എഫ്.ഇ.യുടെ ആദ്യ വനിതാബ്രാഞ്ച് ഉദ്ഘാടനം ചെയ്തിരുന്നുവെങ്കിൽ, കെ.എസ്.എഫ്.ഇ.യ്ക്ക് ലഭിക്കുമായിരുന്ന അംഗീകാരവും മാധ്യമങ്ങളിൽ കൂടി ലഭിക്കുന്ന പരസ്യവും കളഞ്ഞുകുളിച്ചുകൊണ്ട് ഫെബ്രുവരി മാസത്തിൽ ആരും അറിയാതെ ഉദ്ഘാടനം നടത്തിയ പ്രൊഫഷണൽ വൈദഗ്ധ്യത്തെ' കുറിച്ചെന്തു പറയാൻ !

കെ.എസ്.എഫ്.ഇ. യുടെ പദ്ധതികളുടെ ഉദ്ഘാടന ചടങ്ങുകൾ സ്ഥാപനത്തിന്റെ അന്തസ്സും ജീവനക്കാരുടെ അഭിമാനവും നഷ്ടപ്പെടുത്തുന്ന പ്രഹസനങ്ങളാക്കി മാറ്റുന്ന മാനേജ്മെന്റ് നയത്തിൽ സംഘടന പ്രതിഷേധിക്കുന്നു.

**6. ഇ-കളക്ഷൻ : സ്വകാര്യബാങ്കുകളുടെ പങ്കാളിത്തം അന്വേഷണ വിധേയമാക്കുക.**

കോടിക്കണക്കിന് രൂപയുടെ വിനിമയം പ്രതീക്ഷിക്കുന്ന കെ.എസ്.എഫ്.ഇ. യുടെ ഇ-കളക്ഷൻ പദ്ധതിയുടെ നടത്തിപ്പുകാരായി സ്വകാര്യബാങ്കുകളെ നിശ്ചയിച്ചത് അഴിമതിയാണ്. പൊതുമേഖലാ ബാങ്കുകളെ തഴഞ്ഞതിന്റെ യുക്തി ജീവനക്കാർക്ക് മനസ്സിലാകും. മാനേജ്മെന്റ് നിലപാട് പുന:പരിശോധിക്കണമെന്ന് സംഘടന ആവശ്യപ്പെടുന്നു.

**7. മാനേജിംഗ് ഡയറക്ടറുടെ ഏകാധിപത്യ നടപടിയിൽ പ്രതിഷേധം**

പുതിയ മാനേജിംഗ് ഡയറക്ടർ അവരോധിതനായിട്ട് 4 മാസങ്ങൾ കഴിഞ്ഞു. നാളിതുവരെ സംഘടനാ യോഗം വിളിച്ചുചേർത്തിട്ടില്ലായെന്നുമാത്രമല്ല ജീവനക്കാരുടെ പ്രശ്നങ്ങളോട് നിഷേധസമീപനം തുടരെ തുടരെ സ്വീകരിക്കുകയാണ്.

ബോണസ് ആക്ട് ഭേദഗതിയനുസരിച്ച് ജീവനക്കാർക്ക് 2014-15 - ലെ ബോണസ് പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഭേദഗതിയനുസരിച്ച് ജീവനക്കാർക്ക് 16,800/- രൂപ വരെ ബോണസിന് അർഹതയുണ്ട്. കെ.എസ്.എഫ്.ഇ.യിലെ 1500ഓളം അടിസ്ഥാനവർഗ്ഗം ജീവനക്കാരുടെ ന്യായമായ ആവശ്യത്തിന്മേൽ നിഷേധ സമീപനം സ്വീകരിക്കുകയാണ്.

ഓഫീസ് അറ്റൻഡന്റ് ജീവനക്കാരുടെ ബൈ ട്രാൻസ്ഫർ പ്രമോഷന് ഡിസിഎ യോഗ്യത അടിച്ചേൽപ്പിച്ച സർക്കാർ ഉത്തരവ് മൂലം പ്രമോഷന് ടെസ്റ്റിന് അപേക്ഷ പോലും നൽകാൻ പറ്റാത്ത സ്ഥിതിയിലാണ്. സ്ഥാപനത്തിലെ ഓഫീസ് അറ്റന്റന്റ് ജീവനക്കാർ ഈ സ്ഥിതിക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ കത്തിന് യാതൊരു പ്രതികരണവുമില്ല. പെൻഷൻ വിഷയത്തിൽ സർക്കാരും മാനേജ്മെന്റും കൈയൊഴിഞ്ഞപ്പോഴാണ്. EPS'95 പെൻഷൻ പരിഷ്കരിച്ചു ലഭ്യമാക്കുന്നതിന് വേണ്ടി സംഘടനകൾ കൂട്ടായി ബഹു. സുപ്രീം കോടതി വരെ പോയി അനുകൂലവിധി നേടിയത്. മാനേജ്മെന്റിനോ സർക്കാരിനോ നയാപൈസ ബാധ്യതയില്ലാത്ത പ്രസ്തുത പെൻഷൻ പരിഷ്കരണത്തിന്റെ തുടർനടപടികൾ ചർച്ച ചെയ്യാൻ പോലും മാനേജ്മെന്റിന് സമയമില്ല. പുതിയതായി സ്ഥാപനത്തിൽ നിയമിക്കപ്പെട്ട രണ്ടായിരത്തിൽപ്പരം ജീവന

ക്കാരെ വളരെ രഹസ്യമായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും മാനേജ്മെന്റ് ഒഴിവാക്കിയിരിക്കുന്നു.

01-09-2014 മുതൽ സർവ്വീസിൽ പ്രവേശിച്ച 15,000/- രൂപയ്ക്ക് മുകളിൽ പ്രതിമാസ ശമ്പളമുള്ളവർക്ക് പി.എഫ്. പെൻഷനില്ല. എന്നാൽ ഇവരുടെ പേരിലും മാനേജ്മെന്റ് പ്രതിമാസം പരമാവധി 1250/- രൂപാ നിരക്കിൽ പെൻഷൻ വിഹിതം അടയ്ക്കുന്നുപോലും! എന്തെല്ലാം കള്ളക്കളികളാണ് സ്ഥാപനത്തിൽ നടക്കുന്നത് ?

നാഴികയ്ക്ക് നാൽപതുവട്ടം തിരുവനന്തപുരം സെക്രട്ടറിയേറ്റ് സന്ദർശിച്ച്, അധികാരികളെ വണങ്ങുന്ന മാനേജിംഗ് ഡയറക്ടറോടും ഉന്നത ഉദ്യോഗസ്ഥരോടും ഞങ്ങൾ ചോദിക്കുന്നു ? കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണ കരാറിനെന്തു സംഭവിച്ചു ? മെഡിക്കൽ അലവൻസ് ഉൾപ്പെടെയുള്ള Fringe Benefits ഇനങ്ങളിൽ ലക്ഷങ്ങളുടെ നഷ്ടം ജീവനക്കാർക്ക് സംഭവിച്ചു കഴിഞ്ഞു. ജീവനക്കാരോടുള്ള ഈ കൊടും ക്രൂരത ആർക്കുവേണ്ടി ? മറുപടി പറയാൻ സർക്കാരിനും മാനേജ്മെന്റിനും ബാധ്യതയില്ലേ ?

മാനേജിംഗ് ഡയറക്ടറുടെ ശൈലി പിന്തുടർന്ന്, ചില ഉദ്യോഗസ്ഥരും എം. ഡി. ചമഞ്ഞ് രംഗത്തിറങ്ങിയിരിക്കുകയാണ്. രണ്ട് ദിവസത്തിനകം 31/03/2016 ലെ അക്കൗണ്ട് ക്ലോസിംഗ് പൂർത്തിയാക്കണമെന്ന് എച്ച്.ഒ.യിലെ ഒരു വിദ്വാൻ ഇറക്കിയ പുതിയ സർക്കുലർ ഒരു ഉദാഹരണം മാത്രം. കെ.എസ്.എഫ്.ഇയുടെ പ്രവർത്തനത്തെക്കുറിച്ച് ചുക്കും ചുണ്ണാമ്പുമറിയാത്തവരാണ് എച്ച്.ഓ.യിൽ ഇരിക്കുന്നതെന്നതിന് വേറെ എന്തു തെളിവുവേണം ?

വിമാനവും താവളവുമില്ലാതെ വിമാനത്താവളം ഉദ്ഘാടനം ചെയ്തതുപോലെ റെയിലും വണ്ടിയുമില്ലാതെ മെട്രോ ഉദ്ഘാടനം ചെയ്തതുപോലെ, കെട്ടിടം പോലുമില്ലാതെ, റീജിയണൽ ഓഫീസ് ഉദ്ഘാടനം ചെയ്യുന്നതിനെതിരെ പ്രതികരിച്ച സംഘടനയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറി സ: പി. വിനീതനെ സ്ഥലം മാറ്റിയിരിക്കുന്നു.

പകലന്തിയോളമല്ല, പാതിരാത്രിയിലും അവധി ദിവസങ്ങളിലും പണിയെടുക്കുന്നവരാണ് ഐടി ഇംപ്ലിമെന്റേഷൻ ടീം അംഗങ്ങൾ. ചുമതലക്കാരായ ഉന്നത ഉദ്യോഗസ്ഥർ വീട്ടിൽ ഉറങ്ങുമ്പോഴും വിശ്രമമില്ലാതെ പണിയെടുക്കുന്നവരാണവർ. കേച്ചേരി ശാഖയിലെ കമ്പ്യൂട്ടർ ഹാർഡ്‌വെയർ കംപ്ലയിന്റിന് ഇംപ്ലിമെന്റർക്ക് മെമ്മോ ലഭിച്ചിരിക്കുകയാണ്. ശാഖ സന്ദർശിച്ച എം.ഡി.യുടെ നിർദ്ദേശപ്രകാരമാണ് മെമ്മോ. കെ.എസ്.എഫ്.ഇ. സോഫ്റ്റ്‌വെയറിന്റെ മാത്രം ചുമതലയാണ് IT Implementerക്ക് ഉള്ളതെന്നറിയാത്തവർ കെ.എസ്.എഫ്.ഇ. ഭരിക്കുന്നു. ലജ്ജാകരം!!!

ഏപ്രിൽ 8-ാം തീയതി രാത്രിയിൽ മെമ്മോ നൽകുന്നു. (9, 10 അവധി ദിനങ്ങൾ) 11-ാം തീയതി രാവിലെ മറുപടി നൽകണമത്രേ ? ഇതെന്താ പട്ടാളഭരണമോ ? അതോ അടിയന്തിരാവസ്ഥയോ ?

സുഹൃത്തുക്കളേ, ഈ ഭ്രാന്തൻ നയങ്ങൾക്കെതിരെ അതിശക്തമായ പ്രക്ഷോഭവുമായി സംഘടനാ മുന്നോട്ട് പോകുകയാണ്. എല്ലാവിഭാഗം ജീവനക്കാരുടെയും പിന്തുണ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സ്ഥാപനത്തോടും ജീവനക്കാരോടും ശത്രുതാ സമീപനം സ്വീകരിക്കുന്ന സർക്കാർ നയങ്ങൾക്കെതിരെ ശക്തമായ പ്രതികരണം ആവശ്യമുള്ള നാളുകളാണ് വരുന്നത്. സംഘടന ഉയർത്തിപ്പിടിക്കുന്ന മുദ്രാവാക്യങ്ങൾക്കൊപ്പം നിന്ന് അവകാശങ്ങൾ നേടുന്നതിനുള്ള പോരാട്ടത്തിൽ അണിചേരാൻ അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**എസ്. മുരളീകൃഷ്ണപിള്ള**

15/04/2016 (ജനറൽ സെക്രട്ടറി, KSFESA (C.I.T.U.)

**25/04/2016-ന്റെ എച്ച്.ഒ. മാർച്ചും ധർണ്ണയും വിജയിപ്പിക്കുക താഴെ കൊടുക്കുന്ന 5 പ്രധാന ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് SA-OU സംയുക്താഭിമുഖ്യത്തിൽ എച്ച്. ഒ. മാർച്ചും ധർണ്ണയും നടക്കുകയാണ്.**

**ആവശ്യങ്ങൾ**

1. CASBA-യെ അട്ടിമറിയ്ക്കാനുള്ള ഗൂഢ നീക്കത്തിൽ നിന്നും മാനേജ്മെന്റ് പിന്തിരിയുക. CASBA-വിഷയം ചർച്ച ചെയ്യാൻ സംഘടനകളുടെ യോഗം വിളിക്കുക.
2. ശമ്പളപരിഷ്ക്കരണ കരാർ അംഗീകരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുക.
3. ബോണസ് ആക്ട് ഭേദഗതി: 2014-15 ലെ ബോണസ് പുതുക്കി നിശ്ചയിക്കുക..
4. ബൈ ട്രാൻസ്ഫർ പ്രമോഷൻ : യോഗ്യത നേടിയ ഓഫീസ് അറ്റന്റന്റുമാർക്ക് പ്രമോഷൻ നൽകുക.

കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കാത്ത, 2014-15 ലെ ബോണസ് പുതുക്കി നൽകാത്ത, അഴിമതിയും ധൂർത്തും അലങ്കാരമാക്കിയ നെറികെട്ട സമീപനങ്ങൾക്കെതിരെ ജീവനക്കാരിൽ രോഷം കത്തിപ്പടരുകയാണ്. നൂറുകണക്കിന് സഖാക്കളാണ് കൊടും ചൂടിനെ വകവയ്ക്കാതെ ഏപ്രിൽ 5-ന്റെ സെക്രട്ടറിയേറ്റ് മാർച്ചിലും ധർണ്ണയിലും പങ്കെടുത്തത്. സമരത്തിന്റെ ചൂടും ചൂരും ഉൾക്കൊണ്ടുകൊണ്ട് സ: ആനത്തലവട്ടം ആനന്ദൻ EXMLA നടത്തിയ ഉദ്ഘാടന പ്രസംഗം ആവേശഭരിതമായിരുന്നു. കെ.എസ്. എഫ്.ഇ. ജീവനക്കാരുടെ ധർമ സമരത്തിന് സിഐടിയുവിന്റെ സമ്പൂർണ്ണ പിന്തുണ സഖാവ് ഉറപ്പുനൽകി.

CASBA-യെന്ന് കേട്ടാൽ ജീവനക്കാർ ഞെട്ടിവിറയ്ക്കുന്ന രീതിയിൽ CASBA-യെ മാനേജ്മെന്റ് അട്ടിമറിക്കുകയാണ്. CASBA-ശാഖകളിലെ ജീവനക്കാർ അനുഭവിയ്ക്കുന്ന പീഢനങ്ങൾക്ക് കയ്യും കണക്കുമില്ല. പ്രശ്നം ചർച്ച ചെയ്യാൻ സംഘടനകളുടെ യോഗം വിളിയ്ക്കാനും മാനേജ്മെന്റ് തയ്യാറല്ല. ബൈട്രാൻസ്ഫർ പ്രമോഷന് യോഗ്യത നേടിയ ഓഫീസ് അറ്റന്റന്റുമാരുടെ ലിസ്റ്റ് PSC-പ്രസിദ്ധീകരിച്ചിട്ട് ഒരു മാസം കഴിഞ്ഞു. പ്രമോഷൻ നൽകുന്നതിന് യാതൊരു നടപടിയും മാനേജ്മെന്റ് സ്വീകരിക്കുന്നില്ല. സർക്കാരിന്റെയും മാനേജ്മെന്റിന്റെയും തൊഴിലാളിവിരുദ്ധ സമീപനങ്ങൾക്കെതിരെ മേൽ സൂചിപ്പിച്ച പ്രധാന ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് 25-04-16 ന് SAOU സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന HO-മാർച്ചും ധർണ്ണയും വിജയിപ്പിക്കാൻ എല്ലാ ജീവനക്കാരോടും വിനീതമായി അഭ്യർത്ഥിക്കുന്നു.

**വാൽക്കഷണം**

6. നാളത്തെ 'Thought for the Day' ഇന്നേ അറിയുവാൻ വായിക്കൂ.' Thought for the Day' by Nepoleon Hill. അല്ലെങ്കിൽ Nepoleon Hill Foundation-ന്റെ Website-രജിസ്റ്റർ ചെയ്യൂ.
7. ഇല്ലാത്ത ശാഖയ്ക്ക് കെട്ടിടങ്ങൾ അന്വേഷിച്ച് റീജിയണൽ മാനേജർമാരും അനുചരന്മാരും നാടാകെ പായുന്ന വേളയിൽ. ഒരു ജീവനക്കാരൻ വേദനയോടെ പറഞ്ഞ ഫലിതം ശ്രദ്ധിക്കൂ... ഭർത്താവ് ഭാര്യയോട്. "എടിയേ, കുറച്ചു ദിവസത്തേയ്ക്ക് പശുക്കളെ തൊഴുത്തിൽ നിന്നിറക്കി പുറത്തു കെട്ടരുത്". ഭാര്യ : ഇതിയാനെന്തുപറ്റി ഭ്രാന്തായോ ? ഭർത്താവ് അല്ലെടി! കാണുന്ന തൊഴുത്തുകളിലെല്ലാം KSFE ക്കാർ പുതിയ ശാഖയെന്ന പേരിൽ ഫ്ളക്സ് വയ്ക്കുകയാണുപോലും! (തുണിക്കടയുടെ മുകളിൽ രണ്ട് കമ്പിതൂണിൽ ഒരു ചെറിയ ഫ്ളക്സ് വലിച്ചുകെട്ടിയ KSFE യുടെ പുതിയ ശാഖ കണ്ട ജീവനക്കാരന്റെ ആത്മഗതം ഒരു ഫലിതമല്ല. Thought for the day-യാണ്.